# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5203 26.03.2018 ൽ മറുപടിക്ക്**

**നേമം യു.പി. എസ്-ന് പുതിയ കെട്ടിടം**

| ചോദ്യം<br>ശ്രീ. ഐ.ബി. സതീഷ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരമന-കളിയിക്കാവിള ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ നേമം യു.പി.എസ്-ന് പകരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പണി നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത സ്കൂൾ കെട്ടിടം അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരമന-കളിയിക്കാവിള ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ നേമം യു.പി. എസ്സ്-ന് പകരമായി നിർമ്മിച്ച കെട്ടിടത്തിന്റെ 80% പണി പൂർത്തിയായപ്പോൾ സാങ്കേതികാനുമതി തുക തീരുകയും പാർട്ട് ബിൽ പേയ്മെന്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമായി 25,00,000/-രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരമന-കളിയിക്കാവിള ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി ഹൈവേ വിഭാഗം ചുറ്റുമതിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പുതിയ കെട്ടിടത്തിനായി നൽകിയ സാങ്കേതികാനുമതിയുടെ തുക തീർന്നത് കാരണമാണ് പണി താല്ക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നത്. പുതുതായി ലഭിച്ച 25,00,000/- രൂപ ഉപയോഗിച്ച് ടോയ്‌ലറ്റ് ബ്ലോക്ക്, സ്കൂൾ കെട്ടിടത്തിൽ ശേഷിക്കുന്ന 20% പണികൾ എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ